# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **1171**

12-07-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം പദ്ധതി

ചോദ്യം

ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. മുരളീധരൻ :

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ മുൻ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കുമോ ;

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ മുൻ സർക്കാർ താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

i) 2010 ൽ തുടങ്ങിയ ഭൂമി ഏറ്റെടുക്കൽ നടപടി മുന്നോട്ടു കൊണ്ടുപോകുകയും പദ്ധതിക്കായുള്ള ഭൂമിയുടെ 90% ഏറ്റെടുക്കുകയും ചെയ്തു.

ii) 2010 ൽ തുടങ്ങിയ ബാഹ്യ അടിസ്ഥാന സൗകര്യ വികസനപ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുകയും ജല വിതരണ സംവിധാനത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. വൈദ്യുതി പ്രസരണ സംവിധാനങ്ങളുടെ നിർമ്മാണം ആരംഭിച്ചു.

iii) 2010 ൽ 34.55 ഏക്കർ സ്ഥലം പദ്ധതിയ്ക്കായി ഏറ്റെടുത്തു. 2010 ൽ ലാൻഡ് ലോർഡ് മോഡൽ ആയി പദ്ധതി ആരംഭിക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

iv) 2010 ൽ തുടങ്ങിയ പരിസ്ഥിതി പഠനങ്ങൾക്ക് ഒടുവിൽ 2014 ജനുവരി 3 -ാം തീയതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് പാരിസ്ഥിതികാനുമതി ലഭ്യമാക്കി. കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീമിന് (VGF) അനുസൃതമായി കേന്ദ്ര ധന സഹായം ലഭ്യമാകത്തക്ക വിധം പദ്ധതിയുടെ ഘടനയും കരാറും പുനക്രമീകരിച്ചു. കേന്ദ്രത്തിൽ നിന്നും VGF അനുമതി ലഭ്യമാക്കി.

v) പുനക്രമീകരിച്ച മാതൃകയിൽ ടെണ്ടർ വിളിക്കുകയും ടെണ്ടർ നടപടികളെ തുടർന്ന് തുറമുഖത്തിന്റെ നിർമ്മാണത്തിനും നടത്തി

പ്പിനുമായുള്ള കരാർ, തെരഞ്ഞെടുക്കപ്പെട്ട കൺസഷനയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ഒപ്പുവച്ചു. തുടർന്ന് 2015 ഡിസംബർ 5 -ാം തീയതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ബി) ഈ പദ്ധതിക്ക് സാമ്പത്തികമായി എന്തെല്ലാം സഹായങ്ങളാണ് കേന്ദ്ര ഗവൺമെന്റ് നൽകാമെന്ന് സമ്മതിച്ചത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കേന്ദ്ര സർക്കാർ VGF സ്കീമിൽ ഉൾപ്പെടുത്തി പദ്ധതിയുടെ പി പി പി ഘടകത്തിന്റെ 20% വരെ തുക സഹായധനമായി നൽകുന്നതാണ്. ഇതനുസരിച്ച് പി പി പി ഘടകത്തിന്റെ ആകെ തുകയായ 4089 കോടി രൂപയുടെ 20% (817.8 കോടി രൂപ) കേന്ദ്ര സഹായമായി ലഭിക്കും. ഇതിനുള്ള തത്വത്തിലുള്ള അംഗീകാരം 2015 ഫെബ്രുവരി 3 -ാം തീയതി ലഭിക്കുകയുണ്ടായി.

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കുമോ ?

(സി) പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് കൺസഷൻ കരാർ നിഷ്കർഷിക്കുന്ന പ്രകാരം പദ്ധതിയുടെ നിർമ്മാണ മേൽനോട്ടത്തിനായി ഒരു സ്വതന്ത്ര എജൻസിയെ (Independent Engineer) ചുമതലപ്പെടുത്തേണ്ടതുണ്ട്. ഇതിനായി STUP CONSULTING INDIA LIMITED എന്ന കൺസൾട്ടിംഗ് കമ്പനിയെ കരാർ പ്രകാരമുള്ള ടെണ്ടർ പ്രക്രിയയിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്.

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയുള്ള തീരുമാനങ്ങൾ കൈകൊള്ളുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു എംപവേർഡ് കമ്മിറ്റിയും ഒരു പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും പ്രവർത്തിക്കുന്നു.

**സെക്ഷൻ ഓഫീസർ**